## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **20-06-2024 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്കുള്ള (കാറ്റഗറി നം.136/10 എം. )റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കാറ്റഗറി നം. 136/10 M എന്ന റാങ്ക് ലിസ്റ്റ് കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയുമായി ബന്ധപ്പെട്ട് നിലവിൽ വന്നിട്ടില്ല. എന്നാൽ 23.08.2012-ൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്ക് കാറ്റഗറി നം. 196/10 റാങ്ക് ലിസ്റ്റ് നിലവിൽ വന്നിരുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആകെ 6834 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിനായി എത്ര ഒഴിവുകളാണ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 5586 ഒഴിവുകളാണ് കെ.എസ്.ആർ.ടി.സി. പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്. |
| (സി) | ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളിൽ നിയമന ശിപാർശ നൽകേണ്ടെന്ന് വകുപ്പ് പി.എസ്.സി.യ്ക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ; | (സി) | കാറ്റഗറി നം. 196/10 റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളിൽ നിയമന ശിപാർശ നൽകേണ്ടെന്ന് കെ.എസ്.ആർ.ടി.സി. പി.എസ്.സി.യ്ക്ക് കത്ത് നൽകിയിട്ടില്ല.<br><br>എന്നാൽ നിലവിലെ ഡ്രൈവർ തസ്തികകളടക്കം എല്ലാ തസ്തികകളിലേക്കും ഉണ്ടായേക്കാവുന്ന ഒഴിവുകൾ പരിശോധിച്ച് സാധുത ഉണ്ടെന്ന് ബോധ്യപ്പെടുന്നമുറയ്ക്ക് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ എംപാനലായി പരിഗണിച്ച് നിയമനം നൽകിയിരുന്നോയെന്ന് അറിയിക്കാമോ; വിശദമാക്കാമോ; | (ഡി) | അഡ്വൈസ് ലഭിക്കാത്ത 1366 പേർക്ക് ബദലി അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നൽകിയിട്ടുണ്ട്. |
| (ഇ) | എംപാനലായി നിയമിച്ചിട്ടുണ്ടെങ്കിൽ അത്തരത്തിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്താൻ കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്ത് നിന്നോ സർക്കാരിന്റെ ഭാഗത്ത് നിന്നോ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത ഡ്രൈവർ തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്നുള്ള കോടതി വിധി പാലിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | WP(C) 24539/2013 നമ്പർ റിട്ട് പെറ്റീഷനിൽ 21.01.2014-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പ്രകാരം ഡ്രൈവർ തസ്തികയിലേക്കുള്ള എല്ലാ ഒഴിവുകളും കെ.എസ്.ആർ.ടി.സി. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30.12.2016-ൽ 196/2010 റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേക്കും ലഭിച്ച അഡ്വൈസ് പ്രകാരം നിയമനം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ